# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2084 — 05.05.2017-ൽ മറുപടിയ്ക്ക്

## കേരള ചലച്ചിത്ര അക്കാഡമിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള ചലച്ചിത്ര അക്കാഡമി അടുത്ത സാമ്പത്തിക വർഷം ഏതൊക്കെ ഫിലിം ഫെസ്റ്റിവലുകളാണ് സംഘടിപ്പിയ്ക്കാനുദ്ദേശിക്കുന്നതെന്നും ഇതിലേക്ക് ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്നും വ്യക്തമാക്കുമോ; | (എ) ചലച്ചിത്ര അക്കാദമി നടപ്പ് വർഷം (2017-18) ജൂൺ 16 മുതൽ 20 വരെ തിരുവനന്തപുരത്ത് കൈരളി ശ്രീ-നിള തീയറ്ററുകളിൽ 10-ാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വ ചിത്രമേള സംഘടിപ്പിക്കുന്നതാണ്. ഡിസംബർ 8 മുതൽ 15 വരെ 22-ാമത് രാജ്യാന്തര ചലച്ചിത്രമേള നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ രണ്ട് മേളകളിലും എൻട്രികൾ ക്ഷണിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ചിത്രങ്ങളാണ് പ്രദർശിപ്പിക്കുക. ചലച്ചിത്രമേഖലയിലെ പ്രമുഖർ അടങ്ങുന്ന ജൂറിയാണ് രണ്ട് മേളകളിലേയ്ക്കും ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നത്. ഇതിന് പുറമേ കുട്ടികളുടെ ചലച്ചിത്രോത്സവം, നാഷണൽ ഫിലിം ഫെസ്റ്റിവൽ, 2 പ്രാദേശിക ചലച്ചിത്ര മേള എന്നിവ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2018-ൽ മലയാള സിനിമയുടെ നവതി ആഘോഷത്തെ തുടർന്ന് വിപുലമായ പരിപാടികൾ നടത്തുന്ന വിഷയം പരിഗണനയിലുണ്ട്. |
| (ബി) ചലച്ചിത്ര അക്കാഡമി ഫിലിം ക്ലബ്ബുകൾക്ക് ഫണ്ട് നൽകുന്നതിന്റെ മാനദണ്ഡമെന്താണ്; പ്രാദേശിക ഫിലിം ക്ലബ്ബുകൾക്ക് മറ്റെന്തൊക്കെ സഹായങ്ങളാണ് അക്കാഡമി നൽകുന്നത്; | (ബി) നല്ല സിനിമകളെ പ്രേക്ഷകരിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഫിലിം ക്ലബ്ബുകൾ നൽകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി സാമ്പത്തിക സഹായം നൽകി വരുന്നു. ഇതിനായി അക്കാദമി സിനിമകളുടെ ഡി.വി.ഡിയും ടെക്നിക്കൽ സൗകര്യവും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഫിലിം ആസ്വാദനവുമായി ബന്ധപ്പെട്ട് അക്കാഡമി എന്തെങ്കിലും കോഴ്സുകൾ നടത്തുന്നുണ്ടോ; സ്കൂൾ കോളേജ് തലങ്ങളിൽ ഫിലിം ആസ്വാദനം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; | (സി) | അവധിക്കാലത്ത് ഹൈസ്കൂൾ കുട്ടികൾക്കായി 5 ദിവസം നീണ്ടു നിൽക്കുന്ന സിനിമാ ആസ്വാദന ക്യാമ്പ് കേരളത്തിലെ മൂന്ന് മേഖലകളിലായി നടത്തി വരുന്നു. കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിൽ അവരുടെ ആവശ്യപ്രകാരം നല്ല സിനിമകൾ പ്രദർശിപ്പിച്ചുവരുന്നു. |
| (ഡി) | സിനിമ വ്യവസായം സംസ്ഥാനത്തിന് നൽകുന്ന റവന്യൂ വരുമാനം എത്രയെന്ന് അറിയാമോ; എങ്കിൽ വ്യക്തമാക്കാമോ; | (ഡി) | ഇത് സംബന്ധിച്ച ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |
| (ഇ) | സിനിമ വ്യവസായം മൂലം സാങ്കേതികവും അല്ലാത്തതുമായി സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ എത്രയെന്നു കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഇ) | ഇത് സംബന്ധിച്ച ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ